"ഭരണഭാഷ മാതൃഭാഷ"

**നം.എച്ച്(2)/44444/2017/ഡി.പി.ഐ.**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 25..07..2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് - സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന:- 1) 05-08-2016-ലെ സ.ഉ.(പി) നമ്പർ 134/2016/പൊ.വി.വ.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 01-09-2016, 09-11-2016, 30-11-2016 തീയതികളിലെ കത്തുകൾ നമ്പർ എച്ച്2/35985/2016/ഡി.പി.ഐ.

****

സൂചനയിലെ ഉത്തരവിലേക്കും കത്തുകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

1) സൂചന (1) ലെ ഉത്തരവ് പ്രകാരം, പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിലെ സംരക്ഷിതാധ്യാപകരെ പ്രസ്തുത കാറ്റഗറികളിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർവിന്യസിക്കാൻ സർക്കാർ നിർദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അത്തരത്തിൽ താൽക്കാലിക പുനർവിന്യാസവും നടത്തിയിട്ടുണ്ട്.

2) എച്ച്.എസ്.എ. (ഇംഗ്ലീഷ്), എച്ച്.എസ്.എ. (മലയാളം) ഉദ്യോഗാർത്ഥികൾ നൽകിയ ഒരു കേസിൽ പ്രസ്തുത കാറ്റഗറികളിൽപെട്ട സംരക്ഷിതാധ്യാപകരെ സർക്കാർ സ്കൂളുകളിൽ പുനർവിന്യസിക്കരുതെന്ന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിട്ടുണ്ട്. സൂചന (2)-ൽ പറയുന്ന 30-11-2016 ലെ കത്ത് വഴി ഈ വിവരം താങ്കളെ അറിയിച്ചിരുന്നതാണ്.

3) പി.എസ്.സി. വഴി നിയമനം നടത്തേണ്ട സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുക

എന്നത് സർക്കാരിന്റെയോ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയോ നയമല്ല. എന്നിട്ടും പി.എസ്.സി. ലിസ്റ്റില്ലാത്ത വിഷയങ്ങളിൽ ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ നടത്തുന്ന താൽക്കാലിക പുനർവിന്യാസത്തിന്റെ പേരിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ആവശ്യമില്ലാത്ത പഴി കേൾക്കുന്നുണ്ട്. 2017-18 ലെ തസ്തിക നിർണയം വഴി, അർഹതയുളള മുഴുവൻ അധിക തസ്തികകളും അനുവദിച്ച് അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ധീരമായ സമയബന്ധിത നടപടി സ്വീകരിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് പി.എസ്.സി. റാങ്ക് ഹോൾഡർമാരുടെ ന്യായമായ ആശങ്കകൾ അകറ്റാനും പ്രതിജ്ഞാബദ്ധമാണ്. സൂചന ഒന്നിലെ, 09-11-2016 ലെ കത്തിൽ ഇതിനുളള നടപടിക്രമങ്ങൾ കൃത്യമായി അറിയിച്ചിരുന്നതാണ്. ജില്ലയിൽ സർക്കാർ സ്കൂളുകളിൽ പുനർവിന്യസിക്കുന്നവരുടെ പേരുവിവരം ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാൻ വരെ അതിൽ നിർദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ചില വിദ്യാഭ്യാസ ഉപഡയറക്ടർമാരെങ്കിലും അത്തരം നടപടികൾ നിർവഹിച്ചിട്ടില്ല എന്ന് ഈ കാര്യാലയത്തിൽ ലഭിക്കുന്ന പരാതികളിൽ നിന്നു മനസ്സിലാകുന്നു. ആയതിനാൽ ഈ വിഷയത്തിൽ താങ്കൾ സൂചന ഒന്നിലെ, 09-11-2016 ലെ കത്തിലെ നിർദേശങ്ങൾ വീഴ്ച കൂടാതെ പാലിക്കണം എന്ന് കർശന നിർദേശം നൽകുന്നു. (കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഒരിക്കൽ കൂടി അയക്കുന്നു).

4) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി സംരക്ഷിതാധ്യാപകരെ പുനർവിന്യസിച്ചിട്ടുണ്ടെങ്കിൽ ജില്ലയിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതിയിൽ തന്നെ അവരെ സർക്കാർ സ്കൂളിൽ നിന്നു പിൻവലിച്ച് മറ്റ് ഒഴിവുകളിൽ പുനർവിന്യസിക്കണം. പി.എസ്.സി. വഴി നിയമനം നടക്കുന്ന തീയതി വരെ ഇതിന് കാലതാമസം വരുത്തരുത്. ഇക്കാര്യം നിർബന്ധമായും പാലിക്കപ്പെടുന്നുണ്ടെന്ന് താങ്കൾ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

5) പി.എസ്.സി. ലിസ്റ്റ് ഉണ്ടെങ്കിലും, ഇല്ലെങ്കിലും എച്ച്.എസ്.എ. (ഇംഗ്ലീഷ് & മലയാളം) സംരക്ഷിതാധ്യാപകർ ആരെയും സർക്കാർ സ്കൂളുകളിൽ പുനർവിന്യസിക്കരുത്. അത്തരത്തിൽ ആരും ഇപ്പോൾ സർക്കാർ സ്കൂളുകളിൽ തുടരുന്നില്ലെന്ന് താങ്കൾ ഉറപ്പുവരുത്തണം.

6) 2017-18 ലെ തസ്തിക നിർണയത്തെത്തുടർന്ന് സർക്കാർ സ്കൂളുകളിൽ ഉണ്ടായിട്ടുള്ള അധിക ഒഴിവുകളുടെ നിശ്ചിത ശതമാനം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തര

നടപടികൾ സ്വീകരിക്കണം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പ്രസ്തുത കാറ്റഗറിയിൽ പി.എസ്.സി. ലിസ്റ്റ് ഉണ്ടാകുന്നതുവരെ കാത്തിരിക്കരുത്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം (09-11-2016 ലെ കത്തിന്റെ പേജ് 2, ഖണ്ഡിക 3 ലെ നിർദേശം കാണുക).

പി.എസ്.സി പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്കോ റാങ്ക് ഹോൾഡർമാർക്കോ ആശങ്കയുണർത്തുന്ന യാതൊരു നടപടികളും സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസത്തിന്റെ കാര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടില്ല. ഇക്കാര്യം അവരെ ബോധ്യപ്പെടുത്താനുതകുന്ന നടപടികളാണ് ജില്ലയിൽ താങ്കൾ സ്വീകരിക്കേണ്ടത് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്,**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എ.റ്റി.25/7

"ഭരണ ഭാഷ - മാതൃഭാഷ"

<u>നം.എച്ച്2/35985/2016/ഡി.പി.ഐ.</u> പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി, 9.11.2016

പ്രേഷിതാവ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം – അധ്യാപക തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതുസംബന്ധിച്ച്.

സൂചന :-
1. 29.01.2016 ലെ ജി.ഒ(പി) നമ്പർ 29/2016/പൊ.വി.വ
2. 05.08.2016 ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ.
3. ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് ശ്രീ.എം.സ്വരാജ് എം.എൽ.എ 03.09.2016 ന് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം.
4. ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ 04.09.2016 ലെ നിർദേശം

***********

സൂചന രണ്ടിലെ ഉത്തരവ് വഴി, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിൽ അധ്യാപക തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ അവിടെ എയ്ഡഡ് സ്കൂളിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപകരെ താൽക്കാലികമായി പുനർ വിന്യസിക്കാൻ നിർദേശിച്ചിരുന്നു. പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം നടക്കുന്നതുവരെയുള്ള ഒരു താൽക്കാലിക ക്രമീകരണം മാത്രമാണിത്. പി.എസ്.സി.പരീക്ഷകൾ എഴുതിയവരും ലിസ്റ്റുകളിൽ ഉൾപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾക്ക് ഈ തീരുമാനം ആശങ്കയുണർത്തിയതായി ഡയറക്ടറേറ്റിൽ ലഭിക്കുന്ന നിവേദനങ്ങളിൽ നിന്നും മനസ്സിലാകുന്നു. മാത്രമല്ല, ഈ വിഷയത്തിൽ ബഹു.എം.എൽ.എ ശ്രീ.എം.സ്വരാജ് ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കാനും അദ്ദേഹം നിർദേശം നൽകിയിട്ടുണ്ട്.

എയ്ഡഡ് സ്കൂളിൽ നിന്നുള്ള സംരക്ഷിതാധ്യാപകരെ സർക്കാർ സ്കൂളിൽ സ്ഥിരമായി പുനർവിന്യസിക്കുക എന്നത് സർക്കാരിന്റെയോ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെയോ നയമല്ല. അതുകൊണ്ടുതന്നെ പി.എസ്.സി.പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് ആശങ്കയുണർത്തുന്ന യാതൊരു നടപടികളും സംരക്ഷിതാദ്ധ്യാപകരുടെ പുനർ വിന്യാസ വിഷയത്തിൽ സ്വീകരിച്ചിട്ടില്ല. പി.എസ്.സി.ലിസ്റ്റില്ലാത്ത വിഷയങ്ങളിലെ പുനർവിന്യാസം തികച്ചും താൽക്കാലികമായ ഒരു ക്രമീകരണമായതിനാൽ അത് ഉദ്യോഗാർത്ഥികൾക്ക് ഒരു തരത്തിലുള്ള ഭീഷണിയും ഉയർത്തുന്നതല്ല. ഇങ്ങനെ

(മറുപുറം)

ചെയ്യുന്നതുമൂലം ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിലോ നിയമനം നടത്തുന്നതിലോ വീഴ്ചകളൊന്നും ഉണ്ടാകരുതെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ഇതിനു മുമ്പും അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

എന്നിരുന്നാലും ഈ വിഷയത്തിൽ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും താഴെ പറയുന്ന നടപടികൾ കൂടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

1. പി.എസ്.സി വഴി നിയമനം നടത്തേണ്ട ഒഴിവുകളിൽ താൽക്കാലികമായി പുനർ വിന്യസിച്ചിരിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ (പേര്, തസ്തിക, മാതൃ വിദ്യാലയം, പുനർവിന്യസിച്ച സർക്കാർ സ്കൂൾ, പുനർവിന്യാസ ഉത്തരവിന്റെ തീയതി മുതലായവ) താങ്കളുടെ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടു ത്തണം. ലിസ്റ്റിന്റെ അവസാന കോളമായി "മാതൃവിദ്യാലയത്തിലേക്ക്/മറ്റേ തെങ്കിലും ഒഴിവിലേക്ക് തിരിച്ചു പോയ തീയതി" കൂടി ചേർക്കണം. ഇത് പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് സംരക്ഷിതാദ്ധ്യാപ കർ തിരികെ പോകുന്ന തീയതി രേഖപ്പെടുത്താനുള്ളതാണ്.

2. ഈ താൽക്കാലിക പുനർ വിന്യാസം മൂലം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒരൊഴിവ് പോലും റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കരുത്. ഒരു നിയമനവും തടസ്സപ്പെടു കയുമരുത്. ഇക്കാര്യത്തിൽ സദാ ജാഗ്രത പാലിക്കണം. പി.എസ്.സി. വഴിയുള്ള ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് അയക്കുമ്പോൾ തന്നെ സംരക്ഷിതാദ്ധ്യാപ കൻ അവിടെ ഉണ്ടെങ്കിൽ മറ്റേതെങ്കിലും ഒഴിവിലേക്ക്/മാതൃ വിദ്യാലയത്തിലേക്ക് മാറ്റിക്കൊണ്ടുള്ള ഉത്തരവും നൽകിയിരിക്കണം.

3. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെ കാത്തിരിക്കരുത്. ഒഴിവുണ്ടാകുന്ന മുറയ്ക്ക് അവ കൃത്യമായി റിപ്പോർട്ട് ചെയ്യണം. ഓരോ കാറ്റഗറിയിലും ആകെയുള്ള ഒഴിവുകളുടെയും, അവയിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെയും വിശദാംശങ്ങളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം. ഈ നടപടികൾ ഇത്തരത്തിൽ സുതാര്യമാകുമ്പോൾ മാത്രമേ ഉദ്യോഗാർത്ഥികളുടെ ആശങ്ക മാറി പരാതികൾക്ക് ശമനമുണ്ടാകൂ.

4. ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന താൽക്കാലികാദ്ധ്യാപകർ ഉള്ള വിദ്യാലയങ്ങളിലെ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ പ്രഥമാദ്ധ്യാപ കർ അലംഭാവം കാട്ടുന്നുവെന്ന് ഉദ്യോഗാർത്ഥികൾ പരാതിപ്പെടുന്നുണ്ട്. ഇക്രാരം സംഭവിക്കുകയാണെങ്കിൽ അത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ ഉദ്യോഗസ്ഥരുടെ പേരു വിവരം അച്ചടക്കനടപടികൾക്കായി ശിപാർശ ചെയ്യേണ്ടതാണ്. പി.എസ്.സി.ലിസ്റ്റ് നിലവിലുള്ളപ്പോൾ, ഒഴിവ് റിപ്പോർട്ട് ചെയ്യാതെ ദിനവേതനം നൽകി അധ്യാപകരെ നിയമിച്ചാൽ അത് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപ കന്റെ ബാധ്യതയായി തിട്ടപ്പെടുത്തേണ്ടതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഇത് ബാധകമാക്കേണ്ടതില്ല.

മേൽ പറഞ്ഞ കാര്യങ്ങളിൽ താങ്കൾ അടിയന്തിര ശ്രദ്ധ പതിപ്പിക്കണ മെന്നും നിർദേശങ്ങൾ കൃത്യമായി നടപ്പാക്കണമെന്നും ഒരിക്കൽ കൂടി ഓർമ്മിപ്പി ച്ചുകൊണ്ട്,

വിശ്വസ്തതയോടെ

കെ.വി.മോഹൻ കുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

കെ.ആർ/-